**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5923** **16-03-2023 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ആറാലുംമൂട് കന്നുകാലി മാർക്കറ്റിന്റെ സ്ഥലത്ത് സിനിമാ തിയേറ്റർ സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ആറാലുംമൂട് കന്നുകാലി മാർക്കറ്റിന്റെ സ്ഥലത്ത് സിനിമാ തിയേറ്റർ (കെ.എഫ്.ഡി.സി.) സമുച്ചയം നിർമ്മിക്കുന്നതിനായി നെയ്യാറ്റിൻകര നഗരസഭാ ചെയർമാന്റെ കത്തുപ്രകാരം (ഫയൽ നം . ആർ ഇ 1/199/2022) സ്ഥലം കൈമാറ്റം ചെയ്യാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (എ) | നെയ്യാറ്റിൻകര ആറാലുംമൂട് കന്നുകാലി മാർക്കറ്റിന്റെ സ്ഥലത്ത് സിനിമ തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി കെ.എഫ്.ഡി.സി.യ്ക്ക് പാട്ടത്തിന് നൽകുന്നതിലേയ്ക്കായി നെയ്യാറ്റിൻകര നഗരസഭ ചെയർമാന്റെ കത്തിനോടൊപ്പം ലഭിച്ച നഗരസഭ സെക്രട്ടറിയുടെ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നഗരകാര്യ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു.<br><br>നഗരസഭയുടെ ഭൂമി പാട്ടത്തിന് നല്കുന്നതിനുള്ള അനുമതിയ്ക്കായുള്ള പ്രൊപ്പോസൽ നഗരകാര്യ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ